REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വഖഫ് ഭേദഗതി നിയമം 2025 നിലവിൽ വന്നു.**
- **സാമൂഹ്യനിതീ ഉറപ്പാക്കുന്നതിൽ നിർണായക ചുവടുവെപ്പാണ് പാർലമെന്റ് വഖഫ് ബിൽ പാസാക്കിയ നടപടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **റിസർവ് ബാങ്ക് പുതിയ സാമ്പത്തിക നയം ഇന്ന് പ്രഖ്യാപിക്കും.**
- **മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായ വൃത്തി കോൺക്ലേവ് വൈകീട്ട് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **വയനാട്ടിലെ ആദ്യ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം രാവിലെ കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് ഉദ്ഘാടനം ചെയ്യും.**
- **IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

വഖഫ് ഭേദഗതി നിയമം 2025 നിലവിൽ വന്നു. ഇന്നലെ കേന്ദ്ര ഗവൺമെന്റ് നിയമത്തിന്റെ വിജ്ഞാപനം പുറത്തിറക്കി. കഴിഞ്ഞ ആഴ്ച പാർലമെന്റ് പാസാക്കിയ ഭേദഗതി ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതോടെയാണ് നിയമം പ്രാബല്യത്തിൽ വന്നത്. വഖഫ് സ്വത്തുക്കളുടെ ഏകീകൃതമായ നടത്തിപ്പിനും സാമൂഹ്യനിതീ ഉറപ്പാക്കുന്നതിനും ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കാനും ലക്ഷ്യമിട്ടാണ് കേന്ദ്രഗവൺമെന്റ് നിയമം കൊണ്ടുവന്നത്.

✪✪✪

പാർലമെന്റ് വഖഫ് ബിൽ പാസാക്കിയത്  സാമൂഹ്യനിതീ ഉറപ്പാക്കുന്നതിൽ നിർണായക ചുവടുവെപ്പാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വഖഫിന്റെ പവിത്രത നിലനിർത്താനും സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കാനും വഖഫ് നിയമം വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു.  ന്യൂഡൽഹിയിൽ ഒരു സ്വകാര്യ മാധ്യമ സ്ഥാപനത്തിന്റെ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു  പ്രധാനമന്ത്രി.

ന്യൂസ് ഡെസ്ക് തയ്യാറാക്കിയ റിപ്പോർട്ട്.

.........വോയ്സ്.......

2025 ന്റെ ആദ്യ നൂറ് ദിവസങ്ങളിൽ ഭാവിയുടെ ശക്തമായ അടിത്തറയിടുകയും സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്തുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഉപഗ്രഹ ഡോക്കിംഗ് - അൺഡോക്കിംഗ് സാങ്കേതിക വിദ്യ സ്വന്തമാക്കിയ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. കഴിഞ്ഞ പത്തുവർഷം കൊണ്ട് ഒട്ടേറെ വെല്ലുവിളികൾ നേരിട്ട് സാമ്പത്തിക മേഖലയെ ഇരട്ടിയിലധികം ശക്തമാക്കി.

വടക്കുകിഴക്കൻ മേഖലയിൽ സമാധാനം തകർത്തുകൊണ്ടിരുന്ന നക്സലൈറ്റ് പ്രവർത്തനങ്ങൾ തടയാനും സമാധാനം പുനഃസ്ഥാപിക്കാനും ഗവൺമെന്റിന് കഴിഞ്ഞു.

കോൺഗ്രസ് പിന്തുടരുന്ന പ്രീണന രാഷ്ട്രീയം സാമൂഹ്യനീതി എന്ന സങ്കല്പത്തിന് വിരുദ്ധമാണെന്ന് നരേന്ദ്രമോദി കുറ്റപ്പെടുത്തി. വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ ഉപകരണമായി മറ്റുചില പാർട്ടികളും പ്രീണന രാഷ്ട്രീയം ഉപയോഗപ്പെടുത്തുകയാണെന്ന് പ്രധാനമന്ത്രി വിലയിരുത്തി.

✪✪✪

റിസർവ് ബാങ്ക് പുതിയ സാമ്പത്തികനയം ഇന്ന് പ്രഖ്യാപിക്കും. തിങ്കളാഴ്ച തുടങ്ങിയ  മോണിറ്ററി പോളിസി കമ്മിറ്റി യോഗത്തിലെ തീരുമാനം രാവിലെ റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര മുംബൈയിൽ വെളിപ്പെടുത്തും. അടിസ്ഥാന പലിശ നിരക്കായ റിപ്പോയിൽ ഇത്തവണയും ഇളവ് ഉണ്ടായേക്കുമെന്ന പ്രതീക്ഷയിലാണ് സാമ്പത്തിക ലോകം.

✪✪✪

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവ് വൈകീട്ട് തിരുവനന്തപുരം നിശാഗന്ധിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കനകക്കുന്നിലെ അഞ്ച് ദിവസത്തെ കോൺക്ലേവ് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായ ചർച്ച ചെയ്യും.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്.......

ഏഴു മേഖലകളിൽ 60 സെഷനുകളിലായി ഇരുനൂറോളം വിദഗ്ദ്ധർ വൃത്തി കോൺക്ലേവിൽ ആശയങ്ങൾ പങ്കുവയ്ക്കും. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരിപാടിയിൽ സംബന്ധിക്കും. ശനിയാഴ്ച വൈകിട്ട് സമാപന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

'വൃത്തി' കോൺക്ലേവിന്റെ ഭാഗമായി നടത്തിയ 'വൃത്തി റീൽസ്' മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. കോഴിക്കോട്ടെ ബ്രാൻഡൺ പ്രൊഡക്ഷൻസ് നൽകിയ 'പ്രാക്ടീസ്' എന്ന റീൽസിനാണ് ഒന്നാം സമ്മാനം. തിരുവനന്തപുരം ചെമ്പഴന്തി സ്വദേശി ഉമേഷിന്റെ റീൽസിന് രണ്ടാം സമ്മാനവും തൃശ്ശൂർ കല്ലൂർ സ്വദേശി അശ്വതിയുടെ റീൽസിന് മൂന്നാം സമ്മാനവും ലഭിച്ചു.

✪✪✪

കോൺഗ്രസിൽ അടുത്തുതന്നെ പുനഃസംഘടന ഉണ്ടാകുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ അറിയിച്ചു. ഇന്നലെ ചേർന്ന കോൺഗ്രസ് പ്രവർത്തക സമിതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തെന്നും പാർട്ടിയുടെ പുനരുജ്ജീവനത്തിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകിയെന്നും അദ്ദേഹം അഹമ്മദാബാദിൽ പറഞ്ഞു.

ഗുജറാത്തിലെ സബർമതിയിൽ ഇന്ന് ചേരുന്ന AICC സമ്മേളനം രണ്ട് പ്രമേയങ്ങൾ ചർച്ച ചെയ്യും. ദേശീയ രാഷ്ട്രീയത്തിലെ പ്രധാന പ്രശ്നങ്ങളും, ഗുജറാത്തിലെ രാഷ്ട്രീയ സാഹചര്യവുമാണ് പ്രമേയങ്ങളായി അവതരിപ്പിക്കുന്നത്. മുതിർന്ന പാർട്ടി നേതാക്കളും കോൺഗ്രസ് മുഖ്യമന്ത്രിമാരും സംസ്ഥാന പ്രസിഡന്റുമാരും പ്രവർത്തക സമിതി അംഗങ്ങളും പ്രത്യേക ക്ഷണിതാക്കളുമുൾപ്പെടെ 3,000-ത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്രഗവണ്മെന്റിന്റെ 817 കോടി 80 ലക്ഷം രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കുന്നതിന് കരാർ ഇന്ന് ഒപ്പിടുമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു.

കേന്ദ്ര ഗവണ്മെന്റ്, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, ബാങ്ക് കൺസോർഷ്യം എന്നിവരുമായി ത്രികക്ഷി കരാറാണ് ആദ്യത്തേത്. തുറമുഖ വരുമാനത്തിന്റെ 20 ശതമാനം കേന്ദ്ര ഗവൺമെന്റുമായി പങ്കിടുന്നതുമായി ബന്ധപ്പെട്ടാണ് രണ്ടാമത്തെ കരാർ. ഇതിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ഒപ്പിടും.

✪✪✪

ഈ അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരത്ത് നടത്തും. കഴക്കൂട്ടം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ മന്ത്രി P രാജീവ് കൈത്തറി യൂണിഫോം വിതരണം ഉദ്ഘാടനം ചെയ്യും.

✪✪✪

സെക്രട്ടേറിയറ്റിനു മുന്നിൽ ആശമാരുടെ രാപ്പകൽ സമരം ഇന്ന് 59-ാം ദിവസത്തിലേയ്ക്കു കടന്നു. അനിശ്ചികാല നിരാഹാര സമരം 21-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

വയനാട്ടിലെ ആദ്യ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം രാവിലെ കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, മന്ത്രി OR കേളു, വയനാട് MP പ്രിയങ്കാ ഗാന്ധി തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്........

കല്പറ്റ ഹെഡ്പോസ്റ്റോഫീസിൽ പ്രവർത്തനം ആരംഭിക്കുന്ന പാസ്പോർട്ട് സേവാ കേന്ദ്രം തുടക്കത്തിൽ ഓരോ ദിവസവും 50 അപേക്ഷകർക്ക് സേവനം ലഭ്യാക്കും. പൂർണമായി പ്രവർത്തന ക്ഷമമാകുമ്പോൾ 120 അപേക്ഷകൾ വരെ കൈകാര്യം ചെയ്യാൻ ഓഫീസിന് കഴിയും. കോഴിക്കോട്ടെ റീജിണൽ പാസ്പോർട്ട് ഓഫീസിന്റെ കീഴിലാണ് കല്പറ്റ കേന്ദ്രത്തിന്റെ പ്രവർത്തനം. പാസ്പോർട്ടിനും അനുബന്ധ സേവനങ്ങൾക്കുമായി അയൽജില്ലകളിലേക്ക് പോകേണ്ടിവന്ന വയനാട് ജില്ലക്കാർക്ക് പുതിയ കേന്ദ്രം എളുപ്പത്തിൽ സേവനം ലഭ്യമാക്കും.

✪✪✪

ടൂറിസം രംഗത്ത് ലോക രാജ്യങ്ങളുമായാണ് കേരളം മത്സരിക്കുന്നതെന്നും സാധ്യമാകുന്ന പുതിയ ആശയങ്ങളെല്ലാം നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുമെന്നും മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. പൊന്മുടിയിൽ പുതുതായി നിർമ്മിച്ച ഗവൺമെന്റ് അതിഥി മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ശുചിത്വസാഗരം, സുന്ദര തീരം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി മറ്റന്നാൾ സംസ്ഥാനത്തെ 590 കിലോമീറ്റർ തീരപ്രദേശത്ത് ഏകദിന ജനകീയ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ ആലപ്പുഴയിൽ പറഞ്ഞു. രാവിലെ 8 മുതൽ 11 വരെ സംഘടിപ്പിക്കുന്ന പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിൽ 12,000 സന്നദ്ധപ്രവർത്തകരും പൊതുജനങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കും.

സംസ്ഥാനതല ശുചീകരണം മറ്റന്നാൾ രാവിലെ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ കൊച്ചി വാട്ടർ മെട്രോയുടെ ഹൈക്കോർട്ട് ടെർമിനലിൽ നിന്ന് ഫോർട്ട് കൊച്ചി, വൈപ്പിൻ റൂട്ടുകളിൽ ഏതാണ്ട് ഒരു മണിക്കൂറോളം ഇന്നലെ യാത്ര നടത്തി. രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലും വാട്ടർമെട്രോ നടപ്പാക്കുന്നതിനെക്കുറിച്ച് അദ്ദേഹം മെട്രോ മാനേജിംഗ് ഡയറക്ടർ ലോക്‌നാഥ് ബെഹ്‌റയുമായി ചർച്ച നടത്തി.

വാട്ടർ മെട്രോയിൽ ഇതുവരെ 40 ലക്ഷത്തിലേറെ പേർ യാത്ര ചെയ്തതായി കൊച്ചി വാട്ടർ മെട്രോ അറിയിച്ചു. അഞ്ചു റൂട്ടുകളിൽ 19 ബോട്ടുകളാണ് വാട്ടർ മെട്രോയിൽ സർവീസ് നടത്തുന്നത്. മട്ടാഞ്ചേരി, വെല്ലിങ്ടൺ ഐലൻഡ് എന്നിവിടങ്ങളിലെ ടെർമിനലുകളുടെ നിർമ്മാണം പൂർത്തിയായെന്നും സർവീസ് ഉടൻ ആരംഭിക്കുമെന്നും വാട്ടർ മെട്രോ അറിയിച്ചു.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ തോൽപ്പിച്ചു. ചണ്ഡീഗഡിൽ 18 റൺസിനാണ് പഞ്ചാബിന്റെ ജയം.

കൊൽക്കത്തയിൽ മറ്റൊരു മത്സരത്തിൽ ലക്നൗ സൂപ്പർ ജയന്റ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നാല് റൺസിനും പരാജയപ്പെടുത്തി..

ഇന്ന് ഗുജറാത്ത് ടൈറ്റൻസ് രാജസ്ഥാൻ റോയൽസിനെ നേരിടും. അഹമ്മദാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ചൈനയിൽ ബാഡ്മിന്റൺ ഏഷ്യ ചാമ്പ്യൻഷിപ്പ് മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ ധ്രുവ് കപിലയും, തനിഷ ക്രസ്റ്റോയും പ്രീ ക്വാർട്ടറിൽ കടന്നു. ഇന്ത്യയുടെ തന്നെ അഷിത് സൂര്യയും അമൃത പ്രമുതേഷും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചിട്ടുണ്ട്.

ഇന്ന് PV സിന്ധുവും, ലക്ഷ്യ സെന്നും മത്സരിക്കും.

✪✪✪

കൊച്ചി വെല്ലിങ്ടൺ ഐലൻഡിൽ ആരംഭിച്ച അഖിലേന്ത്യ മേജർ പോർട്ട്സ് വോളിബോൾ, ബീച്ച് വോളിബോൾ ചാമ്പ്യൻഷിപ്പ് കൊച്ചിൻ പോർട്ട് അതോറിറ്റി ചെയർമാൻ കാശി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. കൊച്ചിക്ക് പുറമെ എട്ട് തുറമുഖ ടീമുകളും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

KSRTC യെ ഇല്ലാതാക്കി പൊതുഗതാഗതം സ്വകാര്യ മേഖലയ്ക്ക് തീറെഴുതാൻ അനുവദിക്കില്ലെന്ന് BMS ദേശീയ സെക്രട്ടറി V. രാധാകൃഷ്ണൻ പറഞ്ഞു. KST എംപ്ലോയീസ് സംഘിന്റെ കോഴിക്കോട് ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ഗവൺമെന്റ് ആയിരം ബസ്സുകൾ നൽകാൻ തീരുമാനിച്ചപ്പോൾ അത് വേണ്ടെന്ന് പറഞ്ഞ ഗവൺമെന്റാണ് കേരളത്തിലേതെന്ന് രാധാകൃഷ്ണൻ ഓർമ്മിപ്പിച്ചു.

✪✪✪

നിലമ്പൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. രണ്ട് ലക്ഷത്തി 28,512 പേർ പട്ടികയിലുണ്ട്. ഇതിൽ ഒരു ലക്ഷത്തി 11,692 പേർ പുരുഷന്മാർ ഒരു ലക്ഷത്തി 16,813 പേർ സ്ത്രീകളുമാണ്. ഏഴ് ട്രാൻസ്ജൻഡർ വോട്ടർമാരും കരട് പട്ടികയിലുണ്ട്. അന്തിമ വോട്ടർപട്ടിക മെയ് അഞ്ചിന് പ്രസിദ്ധീകരിക്കും.

✪✪✪

കോഴിക്കോട്ട് CSI മലബാർ മഹായിടവക ത്രിദിന കൺവെൻഷൻ ഇന്ന് സമാപിക്കും. രാവിലെ വാർഷിക സ്തോത്ര ആരാധനയോടെ കൺവൻഷൻ സമാപിക്കും. CSI വെല്ലൂർ മഹായിടവക ബിഷപ്പ് മുഖ്യസന്ദേശം നൽകും.

✪✪✪

വിദേശ പാഴ്സലിൽ 50 LSD ബ്ലോട്ടുകൾ എത്തിച്ച ഡച്ച് പൗരൻ ഉൾപ്പെടെ മൂന്നു പേരെ കൊച്ചിയിൽ നർകോട്ടിക്സ് കൺട്രോൾ ബ്യൂറോ അറസ്റ്റ് ചെയ്തു. മെക്സിക്കോയിൽ നിന്ന് കൊച്ചി കടവന്ത്രയിലെ അപ്പാർട്ട്മെന്റ് വിലാസത്തിലാണ് കൊച്ചി വിദേശ പോസ്റ്റ് ഓഫീസ് വഴി പാഴ്സൽ എത്തിച്ചത്. തന്ത്രപരമായി പാഴ്സൽ അപ്പാർട്ട്മെന്റിൽ എത്തിച്ചാണ് മൂന്ന് പേരെയും അറസ്റ്റ് ചെയ്തത്. ഡച്ച് പൗരനെ കൂടാതെ, പാഴ്സൽ ലഭിച്ച ആളും അയാളുടെ സഹായിയും അറസ്റ്റിൽ ആയിട്ടുണ്ട്.

✪✪✪

ഇടുക്കി പുള്ളിക്കാനത്ത് ഒരേക്കർ ഗവൺമെന്റ് ഭൂമി കൈയ്യേറി നിർമ്മിച്ച റിസോർട്ട് റവന്യു അധികൃതർ ഒഴിപ്പിച്ചു. കയ്യേറ്റം സംബന്ധിച്ച് മൂന്ന് വർഷം മുമ്പ് ലഭിച്ച പരാതിയിലാണ് നടപടി. ഗ്രാവിറ്റി മൗണ്ടൻ എന്ന റിസോർട്ടാണ് റവന്യൂ വകുപ്പ് പിടിച്ചെടുത്തത്. റിസോർട്ട് മുദ്രവെച്ച് ഗവൺമെന്റ് ഭൂമിയാണെന്ന ബോർഡ് സ്ഥാപിച്ചു.

✪✪✪

സാമ്പത്തിക തർക്കത്തെ തുടർന്ന് ബിസിനസ് പങ്കാളിയെ കൊലപ്പെടുത്തി മാൻഹോളിൽ തള്ളിയ കേസിൽ തൊടുപുഴ മജിസ്ട്രേറ്റ് കോടതി അഞ്ച് പ്രതികളെ പൊലീസ് കസ്റ്റഡിയിൽ വിട്ടു. മുഖ്യപ്രതി ജോമോൻ, ക്വട്ടേഷൻ സംഘാംഗങ്ങളായ മുഹമ്മദ് അസ്ലം, ജോമിൻ കുര്യൻ എന്നിവരെയാണ് അന്വേഷണ സംഘം കസ്റ്റഡിയിൽ വാങ്ങിയത്.

✪✪✪

ഓൺലൈൻ ട്രേഡിംഗിന്റെ മറവിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടി വിദേശത്തേക്ക് കടന്ന പ്രതിയെ നല്ലളം പൊലീസ് പിടികൂടി. മലപ്പുറം വള്ളുവങ്ങാട് മിദ്‌ലാജിനെയാണ് ഡൽഹി വിമാനത്താവളത്തിൽ നിന്ന് കസ്റ്റഡിയിൽ എടുത്തത്. ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിപ്പിച്ചതിനെ തുടർന്ന് ഇയാളെ എമിഗ്രേഷൻ വിഭാഗം പിടിച്ചുവെക്കുകയായിരുന്നു.

✪✪✪

*News Reader: അനിൽചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്, നിമിഷ ജി*
*DEO: സി കെ സുബോധ്*